പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 609 — 11.07.2012 ൽ മറുപടിക്ക്

## സുരക്ഷാ സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.സി.വിഷ്ണുനാഥ്<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, അൻവർ സാദത്ത്<br>,, വി.റ്റി.ബൽറാം | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) സുരക്ഷാ സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് കൈക്കൊളളാനുദ്ദേശിക്കുന്നത്; വിശദാംശം നൽകാമോ ; | (എ) സുരക്ഷാ സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ലോക്കൽ പോലീസും, രഹസ്യാന്വേഷണ വിഭാഗവും നിതാന്ത ജാഗ്രത പുലർത്തിവരുന്നു. അത്യാധുനിക ഉപകരണങ്ങളുടെ സഹായത്തോടെ പോലീസ് ക്രമസമാധാനം ഉറപ്പുവരുത്തി ജനജീവിതം സുരക്ഷിതമാക്കി വരുന്നു. തീരപ്രദേശങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി കോസ്റ്റൽ പോലീസ് സ്റ്റേഷനുകളും, കടലോര/കായലോര ജാഗ്രതാ സമിതികളും രൂപികരിച്ചിട്ടുണ്ട്. വർഗ്ഗീയ പ്രശ്നങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ CCTV സംവിധാനം ഉൾപ്പെടെയുള്ള സുരക്ഷാ ക്രമീകരണങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. പ്രധാനപ്പെട്ട സ്ഥാപനങ്ങളിലും, സ്ഥലങ്ങളിലും BDDS (Bomb Detection & Disposal Squad) പരിശോധന നടത്തി സുരക്ഷ ഉറപ്പ് വരുത്താറുണ്ട്.<br><br>നഗരസുരക്ഷയുടെ ഭാഗമായി കൊച്ചി സിറ്റിയിൽ Mega City Policing എന്ന സംവിധാനം നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി "Safe Kochi Secure Kochi" എന്ന പേരിൽ കൊച്ചി സിറ്റിയിൽ |

Integrated Digital Security Plan -ന്റെ ഔപചാരിക ഉദ്ഘാടനം 25.05.2012 തീയതി ബഹു. ആഭ്യന്തര മന്ത്രി നിർവ്വഹിച്ചിട്ടുള്ളതാണ്. നിലവിലുള്ള ട്രാഫിക്, സെക്യൂരിറ്റി ക്യാമറകൾ കൂടാതെ Vital Installations, സ്വകാര്യ/സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ജനങ്ങൾ ഒത്തു കൂടുന്ന മറ്റ് സ്ഥലങ്ങൾ എന്നിവിടങ്ങളിൽ അവരവരുടെ സ്പോൺസർഷിപ്പിൽ ഡിജിറ്റൽ ക്യാമറകൾ സ്ഥാപിക്കുന്നതിനും അവയുടെ ലിസ്റ്റ് പോലീസ് കൺട്രോൾ റൂമിലും, പോലീസ് സ്റ്റേഷനുകളിലും നൽകി 24 മണിക്കൂറും ക്യാമറ നിരീക്ഷണത്തിൽ കൂടി സിറ്റിയുടെ സുരക്ഷ വർദ്ധിപ്പിക്കുവാനുമുള്ള പദ്ധതിയാണ് ഇതിൽ വിഭാവനം ചെയ്തിട്ടുള്ളത്.

(ബി) തലസ്ഥാനത്തും ജില്ലാ ആസ്ഥാനങ്ങളിലും ക്യാമറകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

(സി) പ്രധാനപ്പെട്ട സ്ഥാപനങ്ങളിൽ ക്യാമറകൾ സ്ഥാപിച്ച് പോലീസ് നിരീക്ഷണം ശക്തിപ്പെടുത്തുമോ ?

(ബി) യും (സി) യും

ആധുനികവൽക്കരണ പദ്ധതിയുടെ ഭാഗമായി 60 ട്രാഫിക് സെക്യൂരിറ്റി ക്യാമറകൾ തിരുവനന്തപുരം (27 എണ്ണം), കൊച്ചി (15 എണ്ണം), കോഴിക്കോട് (18 എണ്ണം) എന്നീ നഗരങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. തിരുവനന്തപുരം സിറ്റി, കൊച്ചി സിറ്റി, കൊല്ലം സിറ്റി, തൃശ്ശൂർ സിറ്റി, കോഴിക്കോട് സിറ്റി എന്നീ പോലീസ് ജില്ലകളിൽ 50 ട്രാഫിക് സെക്യൂരിറ്റി ക്യാമറകൾ കൂടി വാങ്ങി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ